IX ക്രമപ്രശ്നം

നിയമസഭാ ചട്ടലംഘനം

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ഇന്ന് എല്ലാ മന്ത്രിമാരും സഭയിൽ സമർപ്പിച്ചിരിക്കുകയാണ്. ഇന്നുതന്നെ ധനാഭ്യർത്ഥന നമ്പർ II-ന്റേയും III-ന്റേയും ചർച്ചയും വച്ചിരിക്കുകയാണ്. സഭയിൽ തുടർന്നുവരുന്ന കീഴ്വഴക്കം അനുസരിച്ച്, ഇതുവരെയുള്ള നടപടിക്രമപ്രകാരം സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്നതിന്റെ അടുത്ത ദിവസം മാത്രമാണ് ചർച്ച ആരംഭിക്കേണ്ടത്. അംഗങ്ങൾക്ക് റിപ്പോർട്ട് പഠിക്കാനുള്ള സമയം നൽകുക എന്നതാണ് ഉദ്ദേശിക്കുന്നത്. റൂൾസ് ഓഫ് പ്രൊസീഡുറിലെ 143 (1) വളരെ വ്യക്തമാണ്.

"143. Voting of Demands for Grants:- (1) After the Subject Committees have presented their reports, the Speaker, in consultation with the Leader of the House and the Leader of the Opposition shall allot so many days as may be compatible with public interest for discussion and voting of the demands for grants. "

നിയമസഭയുടെ നടപടിക്രമങ്ങൾക്കും ഇതിനുമുമ്പുള്ള കീഴ്വഴക്കങ്ങൾക്കും വിരുദ്ധമായിട്ടാണ് ഇന്ന് ചെയ്യുന്നത്. അതൊരു ഒബ്ജക്ഷനായി സഭയിൽ ഉന്നയിക്കുന്നു.

മി സ്പീക്കർ: ഇതുസംബന്ധിച്ച് അങ്ങയുടെ നോട്ടീസ് ലഭിച്ചിട്ടുണ്ടായിരുന്നു. റൂളിംഗ് നൽകാൻ ആഗ്രഹിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ ചൂണ്ടിക്കാണിച്ചത് ശരിയാണ്. സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ട് പഠിച്ചതിനുശേഷം അംഗങ്ങൾക്ക് ചർച്ചയിൽ പങ്കെടുക്കുവാൻ അവസരം നൽകണമെന്നുള്ളത് ശരിയാണ്. ആദ്യത്തെ കലണ്ടർ പ്രകാരം നിയമസഭാ സമ്മേളനം ചേരാൻ തീരുമാനിച്ചിരുന്നത് 21-7-2021-നാണ്. ബലിപെരുന്നാൾ തീയതി മാറി വന്ന സാഹചര്യത്തിലാണ് നിയമസഭാ സമ്മേളനം 22-ലേയ്ക്ക് മാറ്റേണ്ടി വന്നത്. 21-ാം തീയതി തന്നെ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ സമർപ്പിക്കേണ്ടതായിരുന്നു. 22-ാം തീയതിയിലേയ്ക്ക് സഭാ സമ്മേളനം മാറ്റേണ്ടി വന്നതുകൊണ്ടാണ് ഇത്തരത്തിൽ ഒരു ബുദ്ധിമുട്ടുണ്ടായിരിക്കുന്നത്. ചില പ്രത്യേക സാഹചര്യങ്ങളിൽ ഇത്തരത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

മുൻകാലങ്ങളിലും സംഭവിച്ചിട്ടുണ്ട്. സഭാ നേതാവും, പ്രതിപക്ഷ നേതാവുമൊക്കെയായി ബഹുമാനപ്പെട്ട സ്പീക്കർ ഇക്കാര്യം സംസാരിച്ചിരുന്നതായി ഞാൻ മനസ്സിലാക്കുന്നു. ഞാനും പ്രസ്തുത വിഷയം സംസാരിച്ചിരുന്നു. 1998-ലും സമാനമായിട്ടുള്ള ഒരു സംഭവം സഭയിൽ ഉണ്ടായിട്ടുണ്ട്. തീർച്ചയായിട്ടും അംഗങ്ങൾക്ക് റിപ്പോർട്ട് പഠിക്കുവാനുള്ള അവസരം നൽകണമെന്ന കാര്യത്തിൽ തർക്കമില്ല. അസാധാരണമായ സാഹചര്യത്തിലാണ് ഇങ്ങനെയൊരു തീരുമാനം എടുക്കേണ്ടി വന്നതെന്ന് സഭയെ അറിയിക്കുകയാണ്.

റൂളിംഗ്

മി. സ്പീക്കർ: പതിനഞ്ചാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിന്റെ പ്രാരംഭ ദിവസമായ ഇന്നാണ് 2021-22 വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന പൂർത്തീകരിച്ചതിന്റെ അടിസ്ഥാനത്തിലുള്ള വിവിധ സബ്ജക്ട് കമ്മിറ്റികളുടെ റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കപ്പെട്ടിരിക്കുന്നത്. രണ്ടാം സമ്മേളനത്തിന്റെ കലണ്ടർ പ്രകാരം ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും ഇന്നുതന്നെ ആരംഭിക്കുകയും ചെയ്യേണ്ടതുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ചട്ടം 143(1)-ലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് സബ്ജക്ട് കമ്മിറ്റികളുടെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്നതിന്റെ അടുത്ത ദിവസം തന്നെയാണ് ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും നടത്തുന്നത്. അതുതന്നെയാണ് സഭയിലെ കീഴ്വഴക്കവും. ബഹുമാനപ്പെട്ട മന്ത്രിയും അക്കാര്യം ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. എന്നാൽ, 2021 ജൂലൈ 21-ാം തീയതി ആരംഭിക്കാൻ തീരുമാനിച്ചിരുന്ന രണ്ടാം സമ്മേളനം ബലിപെരുന്നാൾ ദിനം മാറിവന്ന സാഹചര്യത്തിലാണ് കലണ്ടറിൽ മാറ്റം വരുത്തി ഇന്ന് ചേരാൻ തീരുമാനിച്ചത് എന്ന വസ്തുത നമുക്കെല്ലാം അറിയാവുന്നതാണ്. അതുപോലെ, കോവിഡ് പശ്ചാത്തലത്തിൽ ചേരുന്ന സഭാ സമ്മേളന ദിനങ്ങളിൽ സാരമായിട്ടുള്ള മാറ്റങ്ങൾ വരുത്താൻ കഴിയാത്ത സാഹചര്യവും നിലനിൽക്കുന്നുണ്ട്. അപൂർവ്വമായിട്ടാണെങ്കിലും മുൻകാലങ്ങളിലും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സഭയിൽ സമർപ്പിക്കപ്പെട്ട അതേദിവസം തന്നെ ധനാഭ്യർത്ഥനകളിന്മേൽ ചർച്ചയാരംഭിച്ച സന്ദർഭങ്ങൾ നമ്മുടെ സഭയിൽ ഉണ്ടായിട്ടുമുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ 1998 ജൂൺ 30-ാം തീയതി ഇങ്ങനെയൊരു നടപടി സഭയിൽ ഉണ്ടായിട്ടുള്ള കീഴ്വഴക്കവും നമ്മുടെ മുമ്പിലുണ്ട്. റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കപ്പെട്ട ഇന്നേദിവസം നടക്കുന്ന ചർച്ച XIV-ാം സബ്ജക്ട് കമ്മിറ്റിയുടെ പരിധിയിൽവരുന്ന II, III എന്നീ ധനാഭ്യർത്ഥനകളിന്മേലാണ്. നിലവിലെ പ്രത്യേക സാഹചര്യം പരിഗണിച്ച് സൂക്ഷ്മപരിശോധനാ റിപ്പോർട്ട് പഠിക്കുന്നതിലേയ്ക്കായി ബഹുമാനപ്പെട്ട അംഗങ്ങൾക്ക് പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പുകൾ മാത്രം മുൻകൂറായി ഇന്ന് രാവിലെ അവരവരുടെ ഇരിപ്പിടങ്ങളിൽ ലഭ്യമാക്കിയിട്ടുണ്ട് എന്നുകൂടി അറിയിക്കുന്നു. അതിനാൽ, ക്രമപ്രശ്നം നിലനിൽക്കുന്നതല്ലെന്ന് ചെയർ റൂൾ ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly